**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല – തിരുവമ്പാടി ഗ്രാമപഞ്ചായത്ത് - 2018-19 വാർഷിക പദ്ധതിയിലെ പ്രോജക്ട് നമ്പർ 75/18 നടപ്പിലാക്കുന്നതിനായി പദ്ധതി തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 2383/2018/തസ്വഭവ　　　　　　　　　　തിരുവനന്തപുരം, തീയതി, 06/09/2018

---

പരാമർശം:- തിരുവമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23/06/2018 ലെ A2/7500/18 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിലെ 75/18 പ്രോജക്ട് പ്രകാരം മലയോര മേഖലയായ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ കലാകായിക മണ്ഡലത്തിന്റെ സമഗ്ര വികസനത്തിനായി വളരെയേറെ സംഭാവന നൽകിക്കൊണ്ടിരിക്കുന്ന സ്ഥാപനങ്ങളായ കോസ് മോസ് ക്ലബ്ബിനും മലബാർ സ്പോർട്സ് അക്കാദമിക്കും (യഥാക്രമം 1,00,000/- രൂപയും 4,00,000/-രൂപയും വീതം) കായികതാരങ്ങളുടെ പരിശീലനത്തിനും ഭക്ഷണത്തിനുമായി ആകെ 5,00,000/- (അഞ്ച് ലക്ഷം) രൂപ വകയിരുത്തിയിട്ടുണ്ടെന്നും (വികസന ഫണ്ട് 3,00,000/- രൂപ, തനത് ഫണ്ട് - 2,00,000/- രൂപ), ടി രണ്ട് ക്ലബ്ബുകൾക്കും പദ്ധതി തുക വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം തിരുവമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിലെ 75/18 പ്രോജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കായിക താരങ്ങളുടെ പരിശീലനത്തിനും ഭക്ഷണത്തിനുമായി പദ്ധതി തുകയായ 5,00,000/- (അഞ്ച് ലക്ഷം) രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബീനമോൾ.കെ.ജെ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
പ്രസിഡന്റ്/ സെക്രട്ടറി, തിരുവമ്പാടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് - 673603
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ